©
**കേരള സർക്കാർ**
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| **വാല്യം 15** Vol. XV | **തിരുവനന്തപുരം, ചൊവ്വ** Thiruvananthapuram, Tuesday | **2026 മാർച്ച് 10** 10th March 2026 **1201 കുംഭം 26** 26th Kumbham 1201 **1947 ഫാൽഗുനം 19** 19th Phalguna 1947 | **നമ്പർ** No. **1090** |

### കേരള സർക്കാർ

നിയമ (നിയമനിർമ്മാണം-എഫ്) വകുപ്പ്

### വിജ്ഞാപനം

നമ്പർ ലെഗ്. എഫ്1/130/2025/നിയമം. *തിരുവനന്തപുരം, 2026 മാർച്ച് 9*
*1201 കുംഭം 25*
*1947 ഫാൽഗുനം 18.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2026 മാർച്ച് 7-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ജി. സനൽ കുമാർ,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2026-ലെ 4-ാം ആക്റ്റ്

# 2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ആക്റ്റ്

2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റ്

വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റ് (2003-ലെ 27) താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 14-ാം വകുപ്പിന്റെ ഭേദഗതി.—2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിലെ (2003-ലെ 27) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 14-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ, "പന്ത്രണ്ട് രൂപയുടെ മൂല്യമുള്ള" എന്നീ വാക്കുകൾക്കു പകരം, "ഇരുപത് രൂപയുടെ മൂല്യമുള്ള" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

3. 17-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 17-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ, "സംസ്ഥാനത്തെ ഓരോ അഡ്വക്കേറ്റ് ക്ലാർക്കും" എന്നീ വാക്കുകൾക്കു മുൻപിലായി "അപേക്ഷാ തീയതിയിൽ അൻപത് വയസ്സ് പൂർത്തിയാകാത്ത" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) (5)-ാം ഉപവകുപ്പിൽ, "ആയിരത്തി ഇരുന്നൂറു രൂപ" എന്നീ വാക്കുകൾക്ക് പകരം "രണ്ടായിരം രൂപ" എന്നീ വാക്കുകളും "മൂന്നു തുല്യഗഡുക്കളായി" എന്നീ വാക്കുകൾക്ക് പകരം "മുഴുവൻ തുകയും അറുന്നൂറ് രൂപയിൽ കുറയാത്ത മൂന്ന് ഗഡുക്കളായി" എന്നീ വാക്കുകളും ചേർക്കേണ്ടതാണ്.

4. <u>18-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 18-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ, "സഞ്ചിത തുകയും പെൻഷനും" എന്നീ വാക്കുകൾക്ക് പകരം "ഒരു സഞ്ചിത തുക" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (4)-ാം ഉപവകുപ്പിൽ, "പണം" എന്ന വാക്കിന് പകരം "സഞ്ചിത തുക" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) നിലവിലുള്ള (7)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(7) തൊഴിൽ അവസാനിക്കുമ്പോൾ അറുപത് വയസ്സും അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധിയിൽ എട്ട് വർഷത്തെ അംഗത്വവും പൂർത്തിയാക്കിയിട്ടുള്ള അംഗങ്ങൾക്ക് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിരക്കുകളിൽ ഫണ്ടിൽ നിന്നും പെൻഷൻ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്:

എന്നാൽ, (7)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ആക്റ്റ് (2026-ലെ 4) പ്രാബല്യത്തിൽ വരുന്നതിന് മുൻപ് പ്രധാന ആക്റ്റ് പ്രകാരമോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ പെൻഷൻ ലഭിച്ചു കൊണ്ടിരിക്കുന്ന അംഗങ്ങൾക്ക് മേൽപ്പറഞ്ഞ നിബന്ധന ബാധകമല്ലാത്തതും അവർക്ക് സർക്കാർ കാലാകാലങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള പെൻഷൻ വർദ്ധനവിനും അർഹതയുണ്ടായിരിക്കുന്നതുമാണ്.

(8) (7)-ാം ഉപവകുപ്പിലെ വ്യവസ്ഥ പ്രകാരം പെൻഷൻ ലഭിച്ചു കൊണ്ടിരിക്കുന്ന ഒരംഗം മരണപ്പെടുമ്പോൾ പ്രസ്തുത അംഗത്തിന്റെ ആശ്രിതർക്ക് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിരക്കുകളിൽ ഫണ്ടിൽ നിന്നും കുടുംബ പെൻഷൻ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(9) എട്ട് വർഷത്തെ അംഗത്വം പൂർത്തിയാക്കിയിട്ടുള്ളതും എന്നാൽ അറുപത് വയസ്സ് പൂർത്തിയാകുന്നതിന് മുൻപ് മരണപ്പെടുന്നതുമായ ഒരംഗത്തിന്റെ ആശ്രിതർക്ക് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിരക്കുകളിൽ ഫണ്ടിൽ നിന്നും കുടുംബ പെൻഷൻ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്:

എന്നാൽ, (8), (9) എന്നീ ഉപവകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ആക്റ്റ് (2026-ലെ 4) പ്രാബല്യത്തിൽ വരുന്നതിന് മുൻപ് പ്രധാന ആക്റ്റ് പ്രകാരമോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ കുടുംബ പെൻഷൻ ലഭിച്ചു കൊണ്ടിരിക്കുന്ന ആശ്രിതർക്ക് മേൽപ്പറഞ്ഞ ഉപവകുപ്പുകളിലെ നിബന്ധനകൾ ബാധകമല്ലാത്തതും അവർക്ക് സർക്കാർ കാലാകാലങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള കുടുംബ പെൻഷൻ വർദ്ധനവിനും അർഹതയുണ്ടായിരിക്കുന്നതുമാണ്.

(10) തൊഴിൽ അവസാനിപ്പിച്ച് പെൻഷനും മറ്റാനുകൂല്യങ്ങളും കൈപ്പറ്റിയ ഒരംഗത്തിന് ഫണ്ടിലേക്ക് പുനഃപ്രവേശനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.".

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA

**Law (Legislation-F) Department**

NOTIFICATION

No. Leg. F1/130/2025/Law.

*Dated, Thiruvananthapuram, 9th March, 2026*
*25th Kumbham, 1201*
*18th Phalguna, 1947.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Advocates' Clerks Welfare Fund (Amendment) Act, 2026 (4 of 2026).

By order of the Governor,

K. G. SANAL KUMAR,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of "2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ആക്റ്റ്" published under the authority of the Governor.]

## ACT 4 OF 2026

## THE KERALA ADVOCATES' CLERKS WELFARE FUND (AMENDMENT) ACT, 2026

*An Act further to amend the Kerala Advocates' Clerks Welfare Fund Act, 2003.*

*Preamble*.—WHEREAS, it is expedient further to amend the Kerala Advocates' Clerks Welfare Fund Act, 2003 (27 of 2003) for the purposes hereinafter appearing;

BE it enacted in the Seventy-seventh Year of the Republic of India as follows:—

1. *Short title and commencement*.—(1) This Act may be called the Kerala Advocates' Clerks Welfare Fund (Amendment) Act, 2026.

(2) It shall come into force at once.

2. *Amendment of section 14*.—In the Kerala Advocates' Clerks Welfare Fund Act, 2003 (27 of 2003) (hereinafter referred to as the principal Act), in sub-section (1) of section 14, for the words, "value of twelve rupees" the words, "value of twenty rupees" shall be substituted.

3. *Amendment of section 17*.—In section 17 of the principal Act,—

(i) in sub-section (1), after the words "Every Advocates' Clerk in the State" the words "who has not completed fifty years of age on the date of application" shall be inserted;

(ii) in sub-section (5), for the words "one thousand two hundred rupees" the words "two thousand rupees" and for the words "shall be paid in three equal instalments" the words " the whole amount shall be paid in three instalments of not less than six hundred rupees" shall be substituted.

4. *Amendment of section 18*.—In section 18 of the principal Act,—

(i) in sub-section (1), the words "and pension" shall be omitted;

(ii) in sub-section (4), for the word "payment" the words "payment of consolidated amount" shall be substituted;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iii) for sub-section (7) , the following sub-sections shall be substituted, namely:—

"(7) The members who have attained the age of sixty years and completed eight years membership in Advocates' Clerks Welfare Fund on cessation of employment shall be entitled to receive pension from the Fund at such rates as may be prescribed:

Provided that notwithstanding anything contained in sub-section (7), the above provision shall not apply to members who has been receiving pension under the principal Act or the rules made thereunder, before the commencement of the Kerala Advocates' Clerks Welfare Fund (Amendment) Act, 2026 (4 of 2026) and they shall be entitled to receive such increase in pension, as may be prescribed by the Government from time to time.

(8) In the event of death of a member receiving pension under the provisions of sub-section (7), the dependents of the said member shall be entitled to receive family pension from the Fund at such rates as may be prescribed.

(9) In the event of death of a member who has completed eight years of membership but has not attained the age of sixty years, the dependents of the said member shall be entitled to receive family pension from the Fund at such rates as may be prescribed:

Provided that notwithstanding anything contained in sub-sections (8) and (9), the above provision shall not apply to the dependents who has been receiving family pension under the principal Act or the rules made thereunder, before the commencement of the Kerala Advocates' Clerks Welfare Fund (Amendment) Act, 2026 (4 of 2026) and they shall be entitled to receive such increase in pension, as may be prescribed by the Government from time to time.

(10) A member whose employment has been ceased and received pension and other benefits shall not be eligible for re-admission to the Fund.".

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.03.10 07:24:29 +05:30